കെ.എസ്.ആർ.ടി.സി.യുടെ വരുമാനം മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾ

155 (752) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്ഥാനമന്ദിരം പണയപ്പെടുത്തി കെ. എസ്. ആർ. ടി. സി. ഇപ്പോൾ കെ. റ്റി.ഡി. എഫ്. സി.-യിൽ നിന്ന് 241 കോടി രൂപകൂടി വായ്പയെടുക്കുകയുണ്ടായോ ;

(ബി) പുതിയ വായ്പകൂടി ചേരുന്നതോടെ കോർപ്പറേഷന് കെ. റ്റി. ഡി. എഫ്. സി. യിലുള്ള കട ബാദ്ധ്യത എത്ര കോടിരൂപയായി ഉയരുമെന്ന് വ്യക്തമാക്കുമോ ?

(സി) കോർപ്പറേഷന്റെ വരുമാനത്തിൽ നേരിയ കുറവുകൂടി ദൃശ്യമാകുന്ന സാഹചര്യത്തിൽ പുതിയ വായ്പ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

(ഡി) കോർപ്പറേഷന്റെ ഇപ്പോഴത്തെ ഒരു മാസത്തെ ശരാശരി വരുമാനം എത്ര ; ശമ്പളം, പെൻഷൻ, ഡീസൽ എന്നിവയ്ക്കും മറ്റു ചെലവുകൾക്കുമായി ഒരുമാസം ചെലവഴിക്കുന്ന തുക എത്ര ?

(ഇ) വരുമാനം മെച്ചപ്പെടുത്താൻ കോർപ്പറേഷൻ എന്തെങ്കിലും പുതിയ പദ്ധതികൾ വിഭാവനം ചെയ്യുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും എടുക്കുന്ന വായ്പകൾ എസ്ക്രോ മെക്കാനിസത്തിലാണ് തിരിച്ചടയ്ക്കുന്നത്. എന്നിരുന്നാലും തുല്യ തുകയ്ക്കുള്ള കൊളാറ്ററൽ സെക്യൂരിറ്റിയും കെ.റ്റി.ഡി.എഫ്.സി ആവശ്യപ്പെടാറുണ്ട്. 241 കോടി രൂപ വായ്പയെടുക്കാൻ അനുമതി നൽകിയിരുന്നു. അതിന്റെ ഭാഗമായി കോർപ്പറേഷന്റെ ചീഫ് ഓഫീസ് പ്രവർത്തിക്കുന്ന മന്ദിരം ഉൾപ്പെടെയുള്ള ചില വസ്തുവകകൾ കൊളാറ്ററൽ സെക്യൂരിറ്റിയായി നൽകിയിട്ടുണ്ട്.

(ബി) 2010-11-ലേക്ക് പുതുതായി അനുവദിച്ച 241 കോടി രൂപയിൽ 135 കോടി രൂപ മാത്രമേ കെ.റ്റി.ഡി.എഫ്.സി. നടപ്പു സാമ്പത്തിക വർഷത്തിൽ നൽകുകയുള്ളൂ എന്നറിയിച്ചിട്ടുണ്ട്. ടി ലോണും ചേർത്ത് കെ.റ്റി.ഡി.എഫ്.സി. യിലുള്ള ലോൺ ഇനത്തിലെ ബാദ്ധ്യത 794.51 കോടി രൂപ വരും.

(സി) പുതുതായി വായ്പ എടുക്കുന്നുണ്ടെങ്കിലും ഏകദേശം തുല്യ തുക തിരിച്ചടവായി നൽകുന്നുണ്ട്. വായ്പ എടുക്കുന്നതുകൊണ്ട് പ്രതിസന്ധി രൂക്ഷമാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നടപ്പു സാമ്പത്തിക വർഷം കോർപ്പറേഷന്റെ ശരാശരി പ്രതിമാസ വരുമാനം 106 കോടി രൂപയാണ്. ശരാശരി പ്രതിമാസ ചെലവുകൾ താഴെ കൊടുക്കുന്നു :

ശമ്പളം	- 33 കോടി
പെൻഷൻ	- 22 കോടി
പെൻഷനാനുകൂല്യങ്ങൾ	- 10.50 കോടി
ഡീസൽ	- 47 കോടി
ലോൺ തിരിച്ചടവ്	- 20 കോടി
മറ്റ് ചിലവുകൾ	- 8.50 കോടി
ആകെ	141 കോടി

ശരാശരി പ്രതിമാസ കമ്മി 35 കോടി രൂപയാണ്.

(ഇ) വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിലും, നേരിട്ടും ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ തീരുമാനം എടുത്തിട്ടുണ്ട്. ആയവ നടപ്പിലാക്കിവരുന്നു. പ്രധാനപ്പെട്ട നഗരങ്ങളെ തമ്മിൽ ബന്ധിപ്പിച്ചു കൊണ്ടുള്ള ഠൗൺ ടു ഠൗൺ സർവ്വീസുകളും, ചെയിൻ സർവ്വീസുകളും, ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് വ്യാപകമാക്കുന്നതിന് കെ.എസ്.ആർ.ടി.സി. പ്രതിജ്ഞാബദ്ധമാണ്. അതുപോലെ എറണാകുളം നഗരത്തിൽ ആരംഭിച്ച സിറ്റി സർവ്വീസ് ഒരു വിജയമായിതീർന്നിരിക്കുകയാണ്. ഭാവിയിൽ ഇത്തരം സർവ്വീസുകൾ മറ്റു നഗരങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ഓൺലൈൻ റിസർവേഷൻ സൗകര്യം കൂടുതൽ ബസ്സുകളിലേക്ക് വ്യാപിപ്പിക്കുന്നത് വഴി കൂടുതൽ യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിന് ഉദ്ദേശിക്കുന്നു. സീസൺ ടിക്കറ്റ് സമ്പ്രദായം വിപുലീകരിക്കുന്നതുവഴി കൂടുതൽ സ്ഥിരം യാത്രക്കാരെ കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കാൻ കഴിയുമെന്നും വിശ്വസിക്കുന്നു. ബി.ഒ.റ്റി. അടിസ്ഥാനത്തിലുള്ള ഡിപ്പോകളിലെ കെട്ടിട നിർമ്മാണം (ഷോപ്പിംഗ് കോംപ്ലക്സ്) വഴി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനും ലക്ഷ്യമിടുന്നു.

കെ.എസ്.ആർ.ടി.സി. നൽകാനുള്ള വായ്പാ കുടിശ്ശിക

156 (753) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ധനകാര്യ സ്ഥാപനങ്ങൾക്ക് കെ.എസ്.ആർ.ടി.സി നൽകാനുള്ള വായ്പാകുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കെ. എസ്. ആർ. ടി. സി. പുതുതായി വായ്പയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly